(സി) വി.എച്ച്.എസ്.സി-യിൽ വിവിധ വിഷയങ്ങളിലേക്കുള്ള ലക്ചറർമാരുടെ താൽക്കാലിക നിയമനങ്ങളിൽ 2001-02, 2002-03 എന്നീ വർഷങ്ങളിൽ നിയമിച്ചവരുടെ പേരുവിവരം ശേഖരിച്ച് വരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പ്ലസ് വൺ ക്ലാസിലേക്ക് അനുവദിക്കപ്പെട്ട സീറ്റുകൾ

107 (3666) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷ എത്ര വിദ്യാർത്ഥികൾ എഴുതി ; എത്ര വിദ്യാർത്ഥികൾ വിജയിച്ചു ;

(ബി) 2002-03 പ്ലസ് വൺ ക്ലാസിലേക്ക് എത്ര സീറ്റാണ് സർക്കാർ അനുവദിച്ചത് ; ഇതിൽ എത്ര സീറ്റിൽ അഡ്മിഷൻ നടന്നു ; എത്ര സീറ്റിൽ അഡ്മിഷൻ നടന്നില്ലായെന്ന് വ്യക്തമാക്കുമോ ;

(സി) പി.ഡി.സി. നിർത്തലാക്കിയ അവസരത്തിൽ സംസ്ഥാനത്ത് ആകെ എത്ര സീറ്റാണ് ഉണ്ടായിരുന്നത് ;

(ഡി) 2002-03 അദ്ധ്യയന വർഷത്തിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിൽ പ്ലസ് വൺ-ന് അനുവദിച്ച സീറ്റ് എത്രയാണ് ; അഡ്മിഷൻ നടന്നത് എത്രയാണ് ; സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2002 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ 581520 വിദ്യാർത്ഥികൾ പരീക്ഷ എഴുതി. അതിൽ 349347 പേർ വിജയിച്ചു.

(ബി) 2002-03-ൽ 2,09,800 സീറ്റുകളാണ് പ്ലസ് വൺ പ്രവേശനത്തിന് ലഭ്യമായിരുന്നത്. പ്രവേശനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) പ്രീഡിഗ്രിക്ക് കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ 27,220 സീറ്റും, കേരള സർവ്വകലാശാലയുടെ കീഴിൽ 31,280 സീറ്റും ആണ് ഉണ്ടായിരുന്നത്.

(ഡി) സർക്കാർ മേഖലയിൽ 64900, എയ്ഡഡ് മേഖലയിൽ 1,11,300, അൺ എയ്ഡഡ് മേഖലയിൽ 33,600 എന്നിങ്ങനെ 2,09,800 സീറ്റുകളാണ് 2002-03-ൽ ഉണ്ടായിരുന്നത്.

ലാബ് അസിസ്റ്റന്റുമാരുടെ നിയമനം

108 (3667) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ സ്വകാര്യ എയ്ഡഡ് സ്കൂളുകളിൽ ലാബ് അസിസ്റ്റന്റുമാരെ നിയമിക്കുകയും സർക്കാർ വിദ്യാലയങ്ങളിൽ നിയമിക്കാതിരിക്കുകയും ചെയ്യുന്നതിന്റെ കാരണമെന്താണ് ;

(സി) ലാബ് അസിസ്റ്റന്റുമാരെ നിയമിക്കാത്തതുമൂലം ഉണ്ടാകുന്ന അസൗകര്യങ്ങൾ മനസ്സിലാക്കി ലാബ് അസിസ്റ്റന്റുമാരെ നിയമിക്കാൻ സന്നദ്ധമാവുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ലാബ് അസിസ്റ്റന്റുമാരുടെ തസ്തികയില്ലാതിരുന്ന ഗവൺമെന്റ്/ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ രണ്ട് ലാബോറട്ടറി അസിസ്റ്റന്റ് തസ്തികകൾവീതം സൃഷ്ടിച്ചുകൊണ്ട് 28-3-2003-ൽ മാത്രമാണ് ഗവൺമെന്റ് ഉത്തരവായത്. പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാർക്ക് ശമ്പളം നൽകാൻ നടപടി

109(3668) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ തസ്തികകൾ സൃഷ്ടിക്കുന്ന നടപടി എവിടെവരെയായി എന്നറിയിക്കാമോ ;

(ബി) ലാബ് അസിസ്റ്റന്റുമാരുടെ നിയമനാംഗീകാരം എന്നത്തേക്ക് നൽകാനാകും എന്ന് പറയാമോ ;

(സി) ഇവർക്ക് എന്നു മുതൽ ശമ്പളം ലഭിക്കും എന്ന് വെളിപ്പെടുത്തുമോ ;

(ഡി) താൽക്കാലിക ആശ്വാസമെന്ന നിലയിൽ ഇവർക്ക് ശമ്പളം നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സയൻസ് ബാച്ചുകളുള്ള സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ രണ്ട് തസ്തികകൾ വീതം സൃഷ്ടിച്ചു കൊണ്ട് 28-3-2003-ൽ ഉത്തരവായിട്ടുണ്ട്.

(ബി) ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(സി&ഡി) നിയമനാംഗീകാരം ലഭിക്കുന്ന മുറക്ക് ശമ്പളം ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly